**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- മലനാട്- നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ബോട്ട് ടെർമിനൽ അറ്റ് പാത്തിക്കൽ, കണ്ണൂർ പദ്ധതി-പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം.656/2024/TSM തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:- 1. 12.03.2018ലെ സ.ഉ.(സാധാ) നം. 124/2018/ടൂറിസം നമ്പർ ഉത്തരവ്

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06.07.2024ലെ DOT/11189/2023-P8 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)പ്രകാരം, മലനാട്- നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ബോട്ട് ടെർമിനൽ അറ്റ് പാത്തിക്കൽ, കണ്ണൂർ പദ്ധതി നിർമ്മാണത്തിന് 1,75,00,000/-(ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(2). തുടർന്ന് നിർവ്വഹണ ഏജൻസിയായ ഇൻലാൻഡ് ഡിവിഷൻ, കണ്ണൂർ സമർപ്പിച്ച ഫൈനൽ ബില്ല് പ്രകാരമുള്ള തുക ഭരണാനുമതിയ്ക്കുള്ളിൽ നിന്നുകൊണ്ട് അനുവദിക്കാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ചുകൊണ്ട്, മലനാട്- നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ബോട്ട് ടെർമിനൽ അറ്റ് പാത്തിക്കൽ, കണ്ണൂർ പദ്ധതിക്ക് **1,77,48,162/- രൂപ(ഒരു കോടി എഴുപത്തി ഏഴ് ലക്ഷത്തി നാൽപത്തിഎട്ടായിരത്തി നൂറ്റി അറുപത്തിരണ്ട് രൂപ)യുടെ** പുതുക്കിയ ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. മലനാട്- നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ബോട്ട് ടെർമിനൽ അറ്റ് പാത്തിക്കൽ, കണ്ണൂർ പദ്ധതിക്ക് **5452-01-101-99-00-34-03 അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരവും ഉയർത്തലും(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് 1,77,48,162/- രൂപ(ഒരു കോടി എഴുപത്തി ഏഴ് ലക്ഷത്തി നാൽപത്തിഎട്ടായിരത്തി നൂറ്റി അറുപത്തിരണ്ട് രൂപ)യുടെ** പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4). നിലവിലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കർശനമായി പാലിക്കേണ്ടതും, പദ്ധതിയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 5452-01-101-99-00-34-03 അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരവും ഉയർത്തലും(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും, ആയത് ബഡ്ജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദസഞ്ചാര വകുപ്പ്

ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I&II), തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യവകുപ്പ്(08.10.2024ലെ 2861759/EXP-B2/258/2024-FIN നമ്പർ അഭിപ്രായപ്രകാരം)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 12-11-2024 16:46:54
സെക്ഷൻ ഓഫീസർ

പകർപ്പ്
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
വിനോദസഞ്ചാര വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്